**"ഭരണഭാഷ മാതൃഭാഷ"**

WEC 2-12112/2021

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 02/08/2021
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

# സർക്കുലർ

വിഷയം:-വനിതാ ശിശു വികസന വകുപ്പ്-സ്ത്രീ ശാക്തീകരണ ക്യാമ്പയിൻ-പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കാൻ സൂപ്പർവൈസർമാർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന:-

സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക്, ലിംഗ അസമത്വം, ഗാർഹിക പീഢനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി, സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പെഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗും, പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഢനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് ലഭ്യമാക്കിയിരുന്നു. ടി വിഷയങ്ങളെക്കുറിച്ചുള്ള അവബോധം പൊതു ജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കേണ്ടതായുണ്ട്. ആയതിനായി പീഢനങ്ങൾ, ഗാർഹികാതിക്രമങ്ങൾ, സ്ത്രീധനപീഢനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ/കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ, സേവനങ്ങൾ ആയത് നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവൽക്കരിക്കുകയും സഹായം ലഭ്യമാക്കേണ്ടതുമാണ്. ആയതിനായി സൂപ്പർവൈസർമാർ അതത് പഞ്ചായത്ത്/സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമ സഹായവും, പരിരക്ഷയും ലഭ്യമാക്കേണ്ടതും, അവർക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യ സഹായം,

പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് പരാതിപ്പെടാനുള്ള സഹായം ഉറപ്പ വരുത്തുകയും, വനിതാ ശിശു വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവ ലഭ്യമാക്കി പരാതിയ്ക്ക് പരിഹാരം തേടാനുള്ള വഴി സുഗമമാക്കേണ്ടതുമാണ്.

ഡവറി പ്രൊഹിബിഷൻ ഓഫീസർ, ശൈശവ വിവാഹ നിരോധന ഓഫീസർ, CWC, JJB, ജാഗ്രതാ സമിതി, വനിതാ സംരക്ഷണ ഓഫീസ്, കാതോർത്ത്, രക്ഷാദൂത്, വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292, 181 മിത്ര ഹെൽപ്പ് ലൈൻ, വൺസ്റ്റോപ്പ് സെന്റർ, District legal service Authority, Service Providing Centres, Family Counselling Centres എന്നിവയെപ്പറ്റിയും സ്ത്രീകളുടേയും കുട്ടികളുടേയും പുനരധിവാസത്തിനായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ഷെൽട്ടർ ഹോമുകളെപ്പറ്റിയും പൊതുജനങ്ങൾക്ക് അറിവ് പകർന്നുകൊടുക്കേണ്ടതാണ്. സഹായം ആവശ്യമുള്ളവർക്ക് സമയബന്ധിതമായി സഹായം/സേവനം നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

എല്ലാ അങ്കണവാടി വർക്കർമാർക്കും പരിശീലനം നൽകിയിരിക്കുന്നതിനാൽ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളുള്ള സ്ത്രീകളുടെ വിവരങ്ങൾ അറിയുന്ന പക്ഷം പ്രാഥമിക സേവനം അങ്കണവാടി വർക്കർ വഴിയും ആവശ്യമെങ്കിൽ സൂപ്പർവൈസർക്ക് റിപ്പോർട്ട് ചെയ്യുന്ന രീതിയിലും സൂപ്പർവൈസർമാർ സംവിധാനം ഒരുക്കേണ്ടതാണ്. 'പറയാം, പരിഹരിയ്ക്കാം' എന്ന കൈപ്പുസ്തകം എല്ലാവരും ഇതിലേയ്ക്കായി പ്രയോജനപ്പെടുത്തേണ്ടതാണ്. എല്ലാ സൂപ്പർവൈസർമാരും, അങ്കണവാടി വർക്കർമാരുടെ മീറ്റിംഗ് ഉടനടി വിളിച്ചുചേർത്ത് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതും, ജില്ലാ ഓഫീസർമാർ ഇക്കാര്യം ഉറപ്പ വരുത്തേണ്ടതുമാണ്. ഇതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് അവരുടെ ഓഫീസിലോ, അല്ലെങ്കിൽ ജാഗ്രതാ സമിതി ഓഫീസിലോ ഉള്ള സ്ഥലം വിനിയോഗിക്കാവുന്നതും, അല്ലാത്ത പക്ഷം ഇരുനിലകളുള്ള അങ്കണവാടികളിലെ Mother's meeting hall വിനിയോഗിക്കാവുന്നതാണ്.

വനിതാ ശിശു വികസന ഡയറക്ടർ

ANITTA S LIN
Assistant Director
Women and Child Development Department
Thiruvananthapuram - 695 012
PEN : 211706

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
എല്ലാ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കും
(കാര്യാലയ മേധാവി മുഖേന)